# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1493** **13/6/2014** ൽ മറുപടിയ്ക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തിയതായി എം. എസ്. സ്വാമിനാഥൻ അഭിപ്രായപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | കുട്ടനാട് പാക്കേജിന്റെ ഉപജ്ഞാതാവ് തന്നെയായ അദ്ദേഹം ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു ആരോപണം ഉന്നയിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ബാധകമല്ല |
| (സി) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് എന്ത് വീഴ്ചയാണ് സംഭവിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. എന്നാൽ ചില കാരണങ്ങളാൽ പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന 1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള വകുപ്പുകളുടെ പദ്ധതികൾ അന്തിമ ഘട്ടങ്ങളിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ |

കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജലകമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ സ്കീമിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ സ്കീമിൽ പദ്ധതികളുടെ 75% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കൃഷി വകുപ്പിന് എന്തെങ്കിലും വീഴ്ച ഉണ്ടായതായി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ